ഉത്തരം

(എ) ഇത് സംബന്ധിച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കൊല്ലം, തൃശ്ശൂർ നഗരസഭകൾക്ക് കോർപ്പറേഷൻ പദവി നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈകൊണ്ടിട്ടുണ്ട്.

(ഡി) അതതു പ്രദേശത്തെ നഗരവൽക്കരണം, ജനസംഖ്യ, ജന സാന്ദ്രത, തദ്ദേശ ഭരണ നടത്തിപ്പിന് ലഭിക്കാവുന്ന വരുമാനം, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ തോത്, സാമ്പത്തികപ്രാധാന്യം തുടങ്ങിയവയാണ് ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം.

116 (1342) മുനിസിപ്പാലിറ്റികളിൽ വകമാറ്റി ചെലവഴിക്കപ്പെട്ട തുക

ശ്രീ. ഇസ്മായിൽ കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നീ മുനിസിപ്പാലിറ്റികളിൽ 1997-98, 1998-99 വർഷത്തിൽ പദ്ധതികൾക്ക് നീക്കിവച്ചിരുന്ന തുക വകമാറ്റി ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക് ആണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

117 (1343) ആലപ്പുഴ നഗരസഭയ്ക്ക് അനുവദിച്ച തുക

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ജനകീയാസൂത്രണപദ്ധതിയിൽ ആലപ്പുഴ നഗര സഭ എത്ര രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇതിൻപ്രകാരം എന്തു തുക നഗരസഭയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പുഴ നഗരത്തിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ യു.ഡി.എഫ്. കൗൺസിലർമാരുടെ വാർഡുകളോട് വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ അവഗണന കാണിക്കുന്നതായുള്ള നഗരസഭയിലെ യു.ഡി.എഫ്. പാർലമെന്ററി പാർട്ടിയുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ആലപ്പുഴ നഗരസഭയുടെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

118 (1344) ബൈപ്പാസ് റോഡരുകിൽ പാടം നികത്തി കെട്ടിടം നിർമ്മിച്ചു എന്ന പരാതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരി നിയോജകമണ്ഡലത്തിൽ ബൈപ്പാസ് ഒന്നാംഘട്ട റോഡരുകിൽ മഞ്ചേരി നഗരസഭയുടെയും റവന്യൂ വകുപ്പിന്റേയും അനുമതി ഇല്ലാതെ പാടം നികത്തി കെട്ടിടം നിർമ്മിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഇപ്രകാരം ഒരു പരാതി സർക്കാരിന് ലഭിച്ചതായി കാണുന്നില്ല. വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

119 (1345) വീട് വയ്ക്കുമ്പോൾ പൊതുനിരത്തിൽനിന്നുമുള്ള നിയമാനുസൃത അകലത്തിൽ നൽകുന്ന ഇളവ്

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട് വയ്ക്കുമ്പോൾ പൊതുനിരത്തിൽ നിന്നുമുള്ള നിയമാനുസൃത അകലത്തിൽ ഇളവ് നൽകുന്നത് എത്ര സെന്റ് വരെ ഉള്ളവർക്കാണ്;

(ബി) പഞ്ചായത്ത് അതിർത്തിയിലും ഇത്തരം ഇളവുകൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഇളവ് നൽകാനാസ്പദമായ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) നിലവിലുള്ള കേരള മുനിസ്സിപ്പാലിറ്റി ആക്ട്/കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽനിന്നും ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

120 (1346) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുവദിച്ച ഇളവ്

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly